(ഡി) അവശ്യ സർവ്വീസ് നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ടെങ്കിലും പ്രസ്തുത നിയമത്തെ പാടേ അവഗണിച്ചുകൊണ്ട് ഈ മേഖലയിൽ ഉണ്ടാകുന്ന സമരങ്ങളും മറ്റുംമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉപഭോക്താക്കളിൽ 88.01% പേർ 'പഹൽ' സ്കീമിൽ അംഗങ്ങളായുണ്ടെന്ന് സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള പദ്ധതി പ്രകാരം ആധാർ ഇല്ലാത്ത ഉപഭോക്താക്കൾക്കും സബ്സിഡി ലഭിക്കാൻ അർഹതയുണ്ട്. അതിനുവേണ്ടി ഉപഭോക്താക്കൾ അവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഗ്യാസ് ഏജൻസികളിൽ നൽകുകയോ അല്ലെങ്കിൽ എൽ.പി.ജി. നമ്പർ ബാങ്കുകളിൽ നൽകുകയോ ചെയ്താൽ സബ്സിഡി ലഭിക്കുന്നതാണ് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) എൽ.പി.ജി.-യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനങ്ങളും കേരള എസൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണുവാനും ആവശ്യാനുസൃതമായി സിലിണ്ടറുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ സഹിതം വിശദമായ ശിപാർശ സമർപ്പിക്കാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ബി.പി.എൽ. റേഷൻ കാർഡുടമകളുടെ വിവരങ്ങൾ

199 (1232) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിൽ കേരളത്തിൽ എത്ര ബി.പി.എൽ. റേഷൻ കാർഡുടമകൾ ഉണ്ടായിരുന്നു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബി.പി.എൽ. റേഷൻ കാർഡിന് അർഹത ഉണ്ടായിട്ടും ആയത് നിഷേധിക്കപ്പെട്ടവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ ; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) അങ്ങനെയുള്ളവർക്ക് റേഷൻ കാർഡ് ലഭ്യമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഇപ്പോൾ കേരളത്തിൽ എത്ര ബി.പി.എൽ. റേഷൻകാർഡുടമകൾ ഉണ്ട് ; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2011 മേയ് മാസത്തിൽ 14,60,519 ബി.പി.എൽ. കാർഡുകളും 5,94,897 എ.എ.വൈ. കാർഡുകളുമുൾപ്പടെ 20,55,416 കാർഡുകൾ നിലവിലുണ്ടായിരുന്നു.

	കാർഡുകളുടെ എണ്ണം		
	BPL	AAY	ആകെ
തിരുവനന്തപുരം	1,62,942	65,540	2,28,482
കൊല്ലം	1,55,483	52,114	2,07,597
പത്തനംതിട്ട	58,800	26,764	85,564
ആലപ്പുഴ	1,34,376	43,336	1,77,712
കോട്ടയം	99,004	35,426	1,34,430
ഇടുക്കി	60,632	31,756	92,388
എറണാകുളം	1,02,758	39,560	1,42,318
തൃശ്ശൂർ	1,58,438	57,178	2,15,616
പാലക്കാട്	94,261	47,534	1,41,795
മലപ്പുറം	1,43,785	54,928	1,98,713
കോഴിക്കോട്	1,28,173	42,616	1,70,789
വയനാട്	23,398	40,877	64,275
കണ്ണൂർ	90,778	36,275	1,27,053
കാസർഗോഡ്	47,691	20,993	68,684
ആകെ	14,60,519	5,94,897	20,55,416

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) കേന്ദ്ര സർക്കാർ അനുവദിക്കുന്ന ബി.പി.എൽ. റേഷൻ ധാന്യവിഹിതം പരിമിതമായതിനാലാണ് നിലവിലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും ബി.പി.എൽ. റേഷൻ കാർഡ് നൽകാൻ കഴിയാത്തത്.

(ഡി) നിലവിൽ 2015 മേയ് മാസം 14,79,310 ബി.പി.എൽ. കാർഡുകളും 5,84,631 എ.എ.വൈ. കാർഡുകളുമുൾപ്പടെ 20,63,941 കാർഡുകൾ നിലവിലുണ്ട്.

	കാർഡുകളുടെ എണ്ണം		
	BPL	AAY	ആകെ
തിരുവനന്തപുരം	1,64,479	64,108	2,28,587
കൊല്ലം	1,55,138	51,313	2,06,451
പത്തനംതിട്ട	56,679	26,247	82,926
ആലപ്പുഴ	1,32,084	42,644	1,74,728
കോട്ടയം	94,743	34,175	1,28,918
ഇടുക്കി	61,194	32,019	93,213
എറണാകുളം	99,758	38,341	1,38,099
തൃശ്ശൂർ	1,72,269	56,801	2,29,070
പാലക്കാട്	99,638	47,517	1,47,155
മലപ്പുറം	1,41,162	53,262	1,94,424
കോഴിക്കോട്	1,30,560	41,254	1,71,814
വയനാട്	33,260	40,834	74,094
കണ്ണൂർ	89,385	35,547	1,24,932
കാസർഗോഡ്	48,961	20,569	69,530
ആകെ	14,79,310	5,84,631	20,63,941

LIBRARY ARCHIVES Kerala Legislative Assembly